# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

# അതിയടം എൽ.പി. സ്കൂൾ

# ആമുഖം

ചെറുതാഴം പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് പിന്നോക്കപ്രദേശമായ മേലതിയടത്താണ് അതിയടം എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1952 സെപ്റ്റംബർ 5 നാണ് സ്കൂൾ സ്ഥാപിതമായത്. പരേതനായ ശ്രീ. എൻ. നാരായണൻ നായരായിരുന്നു സ്ഥാപക മാനേജർ. ശ്രീസ്ഥ - ഏഴോം റോഡരികിലാണ് സ്കൂൾ. സ്കൂളിലേക്ക് മതിയായ യാത്രാസൗകര്യങ്ങളുണ്ട്. സാധാരണക്കാരും കൂലിവേലക്കാരുമാണ് സ്കൂളിന്റെ പ്രദേശത്ത് താമസിക്കുന്നത്. പട്ടികജാതി - പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികളാണ് കൂടുതലും. ശ്രീമതി വി.വി. ലളിതയാണ് സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിൽ മാടായി ഉപജില്ലയിലെ ചെറുതാഴം പഞ്ചായത്തിലെ മേലതിയടം എന്ന സ്ഥലത്തുള്ള ഒരു ചെറിയ വിദ്യാലയമാണ് അതിയടം. എൽ. പി. സ്കൂൾ. 56 സെന്റ് സ്ഥലത്താണ് അതിയടം എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. അഞ്ച് ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ഉണ്ട്. വിശാലമായ കളിസ്ഥലവും നല്ലൊരു സ്റ്റേജും പാചകപ്പുരയും ഉണ്ട്. എല്ലാ ഭാഗത്തേക്കും വാഹനസൗകര്യം ഉണ്ട്.

ഹൈടെക് ക്ലാസ്മുറിയും ലാപ്ടോപ്പ്, പ്രൊജക്ടർ, ടി.വി. എന്നിവയും ഉണ്ട്.

അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകാൻ ശ്രമിക്കാറുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കല, കായിക, ശാസ്ത്രമേളകളിൽ ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ വർഷവും വ്യത്യസ്ത പരിപാടികൾ ആസൂത്രണം ചെയ്ത് നടത്താറുണ്ട്. ഭൂമിക്കൊരു കുട (വീട് മുതൽ വിദ്യാലയം വരെ തണൽ മരങ്ങൾ), ശലഭോദ്യാനം, സഹവാസക്യാമ്പ്, പഠനയാത്രകൾ, ജൈവപച്ചക്കറിത്തോട്ടം, പുസ്തകപരിചയം, അമ്മവായന, നീന്തൽപരിശീലനം, ഇംഗ്ലീഷ് ഡ്രാമ, പരിപോഷണ പരിപാടികൾ തുടങ്ങി വ്യത്യസ്ത പരിപാടികൾ നടത്താറുണ്ട്. കൂടാതെ ദിനാചരണങ്ങൾ, ക്വിസ് മത്സരം, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, ഉല്ലാസ, ബോധവൽക്കരണ ക്ലാസുകൾ, ഗൃഹസന്ദർശനം തുടങ്ങിയവയും നടത്തുന്നുണ്ട്. കഴിഞ്ഞ അക്കാദമിക വർഷം ഓരോ കുട്ടിക്കും ഒരു കൈയെഴുത്തു മാസിക തയ്യാറാക്കി.

# കാഴ്ചപ്പാട്

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ തണലിൽ പൊതുവിദ്യാഭ്യാസ മേഖല ശക്തമാകുന്ന ഈ കാലഘട്ടത്തിൽ ഓരോ പൊതുവിദ്യാലയവും മികവിന്റെ കേന്ദ്രമാവുകയാണ്. അതിനായി നൂതനമായ ഒട്ടേറെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ വിദ്യാലയവും അക്കാദമിക മികവ് നേടിക്കൊണ്ടിരിക്കുകയാണ്. അതിനായി മികച്ച ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. മികച്ച ഭൗതിക സാഹചര്യങ്ങളുടെ പിന്തുണ കൂടിയുണ്ടെങ്കിൽ മികവ് കൈവരിക്കുക എന്നത് വളരെ എളുപ്പത്തിലാവുകയും ചെയ്യും.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വായനയും ലേഖനവും മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാ കുട്ടികളെയും മികച്ച വായനക്കാരും എഴുത്തുകാരുമായി മാറ്റുക എന്ന കാഴ്ചപ്പാടോടുകൂടി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നാലാം തരം കഴിഞ്ഞു പുറത്തു പോകുന്ന കുട്ടികളെല്ലാം നേടിയിരിക്കേണ്ട മുഴുവൻ ഗണിതശേഷികളും നേടിയിരിക്കണം. അതോടൊപ്പം ജൈവവൈവിധ്യത്തെക്കുറിച്ച് മനസ്സിലാക്കാനും പ്രകൃതി സംരക്ഷണത്തിൽ താൽപ്പര്യമുള്ളവരാകാനും കഴിയുന്ന ഒരു തലമുറയായിരിക്കണം പുറത്തുപോകുന്നത്. ശാസ്ത്രപരീക്ഷണങ്ങളിലൂടെ

## സാധ്യതകൾ

- സഹകരണ മനോഭാവമുള്ള രക്ഷിതാക്കളുടെ സഹായം ഉപയോഗപ്പെടുത്തി വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കാം.
- പ്രാദേശികമായ ക്ലബ്ബുകളുടേയും സംഘടനകളുടേയും സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## ഭീഷണി

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധിക്യം

## മികവുകൾ

- എൽ. എസ്. എസ്. വിജയം
- കലാകായിക ശാസ്ത്രമേളകളിലെ മികച്ച വിജയം.
- സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം
- ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും അറിയാം.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

## ശക്തി

1. അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന PTA, MPTA
2. വേറിട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിവുള്ള അധ്യാപക കൂട്ടായ്മ.

## പരിമിതികൾ

- അൺ എയ്ഡഡ് ഇംഗ്ലീഷ് വിദ്യാലയങ്ങളുടെ ആധിക്യം ഒരു വിപരീത ഘടകമായി നിലകൊള്ളുന്നു.
- പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഇല്ലായ്മ
- അയൽപക്ക വിദ്യാലയത്തോടുള്ള വിമുഖത.
- സമീപത്ത് എൽ.പി. മുതൽ ഹൈസ്കൂൾ വരെയുള്ള വിദ്യാലയങ്ങൾ കൂടുതൽ ഉള്ളതിനാൽ കുട്ടികൾ അങ്ങോട്ട് പോകുന്നു.

ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുന്നവരും അന്ധവിശ്വാസങ്ങളെ എതിർക്കാനുള്ള ശക്തിയുള്ളവരുമായി മാറുന്ന ഒരു തലമുറയായിരിക്കണമെന്ന്. ആനുകാലിക സംഭവങ്ങളെക്കുറിച്ചും പൊതുവിജ്ഞാനത്തെക്കുറിച്ചും നല്ല ധാരണയുള്ളവരായിരിക്കണം. കൂടാതെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടിയിരിക്കണം. സ്കൂളിലെ മുഴുവൻ കുട്ടികളും നീന്താൻ അറിയുന്നവരായി മാറണം എന്നതാണ് മറ്റൊരു കാഴ്ചപ്പാട്.

എല്ലാ കുട്ടികളെയും സ്വന്തമായി ഭാഷയിൽ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുക എന്നതാണ് പുതിയ കാഴ്ചപ്പാട്.

# ഭൗതിക സാഹചര്യങ്ങൾ

രണ്ട് ക്ലാസ് മുറികളോട് കൂടി പുതിയ ബിൽഡിംഗ് നിലവിൽ പ്രവർത്തനമാരംഭിച്ചു. മുകൾ നിലയിലെ പണി ഉടനെ തുടങ്ങും. മാനേജരുടെ നേതൃത്വത്തിൽ പണികൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നുണ്ട്. പണി പൂർത്തിയാകാത്തതിനാൽ തന്നെ ബാക്കിയുള്ള ക്ലാസുകൾ പി.കെ.ഇ.ആർ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സ്വന്തമായി ഐ.ടി.ലാബുണ്ട്. സ്കൂളിൽ നിലവിൽ 3 ലാപ്ടോപ്പും രണ്ട് പ്രൊജക്ടറും ഉണ്ട്. സ്കൂളിൽ പുതുതായി ഒരു പാചകപ്പുര നിർമ്മിച്ചു. മാനേജരാണ് സൗകര്യത്തോടു കൂടിയുള്ള പാചകപ്പുര നിർമ്മിച്ചത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്‌ലറ്റുകൾ ഉണ്ട്. ക്ലാസ്റൂം ടോയ്‌ലറ്റും ഭിന്നശേഷിസൗഹൃദമാണ്.

# അക്കാദമിക മേഖല പദ്ധതികൾ

## ഭാഷ

ഉദ്ദേശ്യം: ഒന്നു മുതൽ നാല് വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഭാഷയിൽ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കുന്നു.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| പത്രവാർത്ത, ഡയറി<br>സംയുക്തഡയറി<br>സചിത്രഡയറി<br>സർഗാത്മക ഡയറി | 2 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികൾ പത്രവാർത്ത എല്ലാ ദിവസവും എഴുതുന്നു വായിക്കുന്നു. ഒന്നാം ക്ലാസിൽ സംയുക്ത ഡയറിയും രണ്ടാം ക്ലാസിൽ സചിത്ര ഡയറിയും മൂന്ന്, നാല് ക്ലാസുകളിൽ സർഗാത്മക ഡയറിയും കുട്ടികൾ എല്ലാ ദിവസവും തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | HM<br>അധ്യാപകർ<br>PTA | PTA |

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദകാർഡുകൾ<br>വായനക്കാർഡുകൾ<br>പദസൂര്യൻ<br>വാക്യങ്ങൾ നിർമ്മിക്കാം. | പിന്നോക്കക്കാരെ വായിക്കുന്നതിനും എഴുതുന്നതിനും വേണ്ടി പദകാർഡുകൾ, പദസൂര്യൻ, വായനക്കാർഡുകൾ, വാക്യങ്ങൾ നിർമ്മിക്കാം തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ-ഡിസംബർ | HM<br>അധ്യാപകർ<br>PTA | SRG |
| റീഡേഴ്സ് തീയേറ്റർ<br>വായനക്കുറിപ്പ്<br>പുസ്തകപരിചയം<br>ആസ്വാദനക്കുറിപ്പ്<br>സംഭാഷണം തയ്യാറാക്കാം<br>യാത്രാവിവരണം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി | കുട്ടികളിൽ വായന മെച്ചപ്പെടുത്തുന്നതിന് ധാരാളം പുസ്തകങ്ങൾ നൽകുന്നു. വായിച്ച് അതിനെക്കുറിച്ച് കുട്ടികൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ എഴുതുന്നു. ക്ലാസ് ലൈബ്രറി ഒരുക്കി കുട്ടികളെ വായനയിലേക്ക് നയിക്കുന്നു. | ജൂൺ-മാർച്ച് | HM<br>അധ്യാപകർ<br>PTA | PTA<br>SRG |

# മെഗാ ക്വിസ് പ്രോഗ്രാം

പ്രവർത്തന ലക്ഷ്യങ്ങൾ:

1. പൊതുവിജ്ഞാനം ഓരോ ക്ലാസിലേയും കുട്ടികൾക്ക് വേണ്ട രീതിയിൽ ലഭിക്കുന്നതിനാവശ്യമായ അടിസ്ഥാനം ഒരുക്കൽ
2. പത്രവായനയിൽ വിദ്യാർത്ഥികൾക്ക് താൽപ്പര്യം ജനിപ്പിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ക്ലാസിൽ ഒരു പത്രം | ഒന്നു മുതൽ 4 വരെ ക്ലാസ്സുകളിൽ ഒരു പത്രമെങ്കിലും ലഭ്യമാക്കുന്നു. | ജൂൺ - മാർച്ച് | HM<br>PTA | PTA<br>പ്രാദേശിക സ്പോൺസർഷിപ്പ്. |
| 2. മാസാന്ത്യ പ്രശ്നോത്തരി | കഴിഞ്ഞ മാസങ്ങളിലെ പത്രവാർത്തകളുടെ അടിസ്ഥാനമാക്കി മാസങ്ങളിൽ പ്രശ്നോത്തരി. | ജൂൺ - മാർച്ച് | അധ്യാപകർ | |
| 3. മെഗാ ക്വിസ് | പൊതുവിജ്ഞാനത്തെ അടിസ്ഥാനമാക്കി മെഗാ ക്വിസ് നടത്തുന്നു. | ആഗസ്റ്റ് ഡിസംബർ | അധ്യാപകർ | പ്രാദേശിക സ്പോൺസർഷിപ്പ്. |
| 4. അസംബ്ലിയിൽ ഒരു ചോദ്യം. | സ്കൂൾ അസംബ്ലിയിൽ കുട്ടികൾ ഓരോ ചോദ്യങ്ങൾ ചോദിക്കുന്നു. | ജൂൺ - മാർച്ച് | HM<br>അധ്യാപകർ | |

## പ്രകൃതി പഠന സഹവാസ ക്യാമ്പ്, സ്കൂൾ ഹരിതവത്ക്കരണം

പ്രവർത്തനലക്ഷ്യങ്ങൾ:

- ജൈവവൈവിധ്യത്തെക്കുറിച്ച് മനസ്സിലാക്കാനും പ്രകൃതി സംരക്ഷണമനോഭാവം വളർത്തിയെടുക്കാനും അവസരമുണ്ടാക്കൽ.
- സ്കൂൾ പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ ഒരുക്കൽ

| പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഫീൽഡ് സ്റ്റഡി മുന്നൊരുക്കം | എൽ.പി. തലങ്ങളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് സന്ദർശിക്കേണ്ട സ്ഥലങ്ങൾ ലിസ്റ്റ് ചെയ്യൽ | ജൂലൈ | അധ്യാപകർ | |
| പരിസ്ഥിതി ബോധവത്ക്കരണ ക്ലാസ് | ജൈവവൈവിധ്യ മേഖലയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം അടിസ്ഥാനമാക്കിയുള്ള ബോധവത്ക്കരണ ക്ലാസുകൾ | ജൂൺ - ഫെബ്രുവരി | SRG | PTA |
| ഫീൽഡ് സ്റ്റഡി | 1 മുതൽ 4 വരെ ക്ലാസുകളിൽ ചുറ്റുവട്ടത്ത് ഒരു സ്ഥലത്തേക്കുള്ള യാത്ര ഏർപ്പാടാക്കൽ | ജൂൺ - ഫെബ്രുവരി | SRG | PTA |

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സഹവാസ ക്യാമ്പ് | 3,4 ക്ലാസുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് വന്യമൃഗ സങ്കേതങ്ങൾ/ദേശീയോദ്യാനങ്ങൾ എന്നിവിടങ്ങളിൽ പഠന സഹവാസ ക്യാമ്പ്. | ഒക്ടോബർ | SRG<br>PTA | PTA |
| സ്കൂൾ ഹരിതവത്കരണം | പരിസ്ഥിതി ദിനത്തിൽ മരത്തൈകൾ വച്ചു പിടിപ്പിക്കുന്നു. | ജൂൺ 5 | അധ്യാപകർ<br>PTA | PTA |
| പച്ചക്കറിത്തോട്ട നിർമ്മാണം | ജൈവ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ നിർമ്മിക്കുന്നു. | ആഗസ്റ്റ് | PTA<br>SRG | PTA<br>SRG |
| പൂന്തോട്ട നിർമ്മാണം | വിദ്യാലയം സൗന്ദര്യവത്കരിക്കുന്നതിന് വേണ്ടി പൂന്തോട്ടം നിർമ്മിക്കുന്നു. | ജൂലൈ - ആഗസ്റ്റ് | PTA<br>SRG | PTA<br>SRG |

## Blooming in English

**പ്രവർത്തനലക്ഷ്യങ്ങൾ:**

ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കാൻ കൂടുതൽ പഠന സന്ദർഭങ്ങൾ സൃഷ്ടിക്കുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വിദഗ്ദ്ധ ക്ലാസുകൾ | സ്പോക്കൺ ഇംഗ്ലീഷിൽ വിദഗ്ധാധ്യാപകരെ പ്രയോജനപ്പെടുത്തി പരിശീലന ക്ലാസുകൾ നൽകുന്നു. | ആഗസ്റ്റ്-മാർച്ച് | HM<br>അധ്യാപകർ<br>PTA | PTA |
| ഇംഗ്ലീഷ് സംഭാഷണം | മാസാവസാനത്തെ ദിവസം ഇംഗ്ലീഷിൽ സംഭാഷണം നടത്തുന്നു. | ജൂലൈ-ഡിസംബർ | അധ്യാപകർ | |
| റീഡിംഗ് കോർണർ | എല്ലാ ക്ലാസുകളിലും ലഭ്യമായ ഇംഗ്ലീഷ് പുസ്തകങ്ങൾ, ബാലമാസികകൾ എന്നിവ ശേഖരിച്ച് വായന മൂല ഒരുക്കൽ | ജൂലൈ-മാർച്ച് | അധ്യാപകർ | SRG |

# ഗണിതം മധുരം

പ്രവർത്തന ലക്ഷ്യങ്ങൾ:

ഗണിതം കുട്ടികൾക്ക് ആകർഷണീയമാക്കുക, നിത്യജീവിതവുമായി ബന്ധിപ്പിക്കുക. ആസ്വാദന തലത്തിൽ എത്തിക്കുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ക്വിസ് | പ്രത്യേക മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ക്വിസ് സംഘടിപ്പിക്കുന്നു. | ഡിസംബർ | SRG ഗണിതക്ലബ്ബ് | PTA SRG |
| ശിൽപശാല | ഗണിതാശയങ്ങളിൽ ഊന്നിയുള്ള നിർമ്മാണത്തിന് പ്രാധാന്യം നൽകുന്ന ശിൽപശാല | ഒക്ടോബർ | SRG ഗണിതക്ലബ്ബ് | PTA SRG |
| ഗണിതം രസകരം | ഗണിതം എളുപ്പവും രസകരവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജനുവരി-മാർച്ച് | SRG | SRG |

## ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രബോധം

പ്രവർത്തന ലക്ഷ്യങ്ങൾ

1. ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രബോധം വളർത്തൽ
2. പ്രവർത്തനങ്ങളിലൂടെ പഠന സന്നദ്ധത പ്രോത്സാഹിപ്പിക്കുക

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഘു പരീക്ഷണങ്ങൾ | എല്ലാ ആഴ്ചയിലും ക്ലാസ് തലത്തിൽ ഒരു പരീക്ഷണമെങ്കിലും പരിചയപ്പെടുത്തൽ | എല്ലാ ആഴ്ചകളിലും ആഗസ്റ്റ്-മാർച്ച് | SRG | PTA<br>SRG |
| പരീക്ഷണ ശിൽപ്പശാല. | വിദഗ്ദ്ധാധ്യാപകരെ കൊണ്ട് വന്ന് ലഘു പരീക്ഷണങ്ങളുടെ ശിൽപ്പശാല നടത്തുന്നു. | നവംബർ | SRG | SRG<br>PTA |